**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** **05-08-2021 - ൽ മറുപടിയ്ക്ക്**

**അത്താണി വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അത്താണി വ്യവസായ എസ്റ്റേറ്റിലെ ശുദ്ധജല വിതരണ പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ, വാട്ടർ ടാങ്കിന് വേണ്ട സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | സർക്കാരിൽ ഇതു സംബന്ധിച്ച പദ്ധതികൾ പരിഗണനയിലില്ല. |
| (ബി) | അത്താണി വ്യവസായ എസ്റ്റേറ്റിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | സർക്കാരിൽ ഇതു സംബന്ധിച്ച പദ്ധതികൾ പരിഗണനയിലില്ല. |
| (സി) | ഈ എസ്റ്റേറ്റിൽ ഏതെങ്കിലും പ്ലോട്ടുകൾ ഇനി അനുവദിക്കാനുണ്ടോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത എസ്റ്റേറ്റിൽ നിലവിൽ പ്രവർത്തനം നിർത്തിയ ഏതെങ്കിലും യൂണിറ്റുകൾ ഉണ്ടോ; എങ്കിൽ ആയത് റീ അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ അത്താണി വ്യവസായ വികസന പ്ലോട്ടിൽ 8 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. അവയിൽ 2 യൂണിറ്റുകളുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. 4 യൂണിറ്റുകൾ റീഅലോട്ട് ചെയ്ത് തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പ്രവർത്തിക്കാത്ത 2 യൂണിറ്റുകൾ തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി പ്രാരംഭ നോട്ടീസ് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ